(സി) പാലക്കാട് ജില്ലയിൽ

(ഡി) കേന്ദ്ര സർക്കാർ തരിശുഭൂമിയുടെ സമഗ്ര വികസനത്തിനായി 1985-ൽ ദേശീയ തരിശുഭൂമി വികസന ബോർഡിന് രൂപം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ദേശീയ തരിശുഭൂമി വികസന ബോർഡിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടപ്പാക്കാനായി വിവിധ പ്രദേശങ്ങൾ കണ്ടെത്തുകയും മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഈ അഞ്ചു ജില്ലകളിലും നടപ്പാക്കുന്നതിനുള്ള ആറു പദ്ധതികൾക്കായി 1764.61 ലക്ഷം രൂപ ചെലവഴിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. 29780 ഹെക്ടർ തരിശുഭൂമി വികസനമാണ് ലക്ഷ്യമിട്ടിരുന്നത്. 1231.33 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഡോ. ഹനുമന്തറാവു കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നീർത്തട വികസനത്തിനുള്ള പൊതു മാർഗ്ഗമേളയിൽ 1.4.1995 മുതൽ തരിശുഭൂമി വികസന പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്കുതല നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ സഹായത്തോടെ ഒരു ഇക്കോ റെസ്റ്റോറേഷൻ പ്രോജക്ടിന്റെ പ്രവർത്തനവും നടന്നുവരുന്നുണ്ട്. തരിശ്ശുഭൂമി വികസനം പ്രസ്തുത പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

(ഇ) ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

6 (*126) അധികാര വികേന്ദ്രീകരണത്തെത്തുടർന്നുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണത്തെ തുടർന്നുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) സെൻകമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സെൻകമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് ഇതിനകം നടപ്പാക്കിക്കഴിഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പരിപാടികളുടെ പരിശോധനകളിൽ ഫലപ്രദമാക്കേണ്ട സെൻകമ്മിറ്റി റിപ്പോർട്ടിലെ പ്രധാനശുപാർശകളിലൊന്നായ 'പെർഫോമൻസ് ഓഡിറ്റ്' ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്തുകളിലെ 'പെർഫോമൻസ് ഓഡിറ്റ്', പഞ്ചായത്തു വകുപ്പിലെ തന്നെ ഉദ്യോഗസ്ഥൻമാർ നടത്തുന്നതിനാൽ സ്വന്തം വകുപ്പിലെ ജീവനക്കാർക്കെതിരെ കുറ്റങ്ങളോ ശിക്ഷാ നടപടികളോ പലപ്പോഴും ശുപാർശ ചെയ്യാറില്ലെന്നതു കണക്കിലെടുത്ത് 'പെർഫോമൻസ് ഓഡിറ്റ്' സമ്പ്രദായം ഫലപ്രദമാക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) :

(എ) ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച, അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകളടങ്ങിയ റിപ്പോർട്ട് സർക്കാരിനുലഭിക്കുകയും പ്രസ്തുത റിപ്പോർട്ട് ക്യാബിനറ്റ് ഉപസമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്താൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അദ്ദേഹം വിവിധ വകുപ്പുകളുമായി ചർച്ച നടത്തി റിപ്പോർട്ട് ക്യാബിനറ്റ് സബ്കമ്മിറ്റിക്കു സമർപ്പിക്കുകയും ചെയ്തു കഴിഞ്ഞു. റിപ്പോർട്ട് ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിൽ ആണ്.

(ബി) അധികാരവികേന്ദ്രീകരണ കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ടും, പെർഫോമൻസ് ആഡിറ്റ് സംബന്ധിച്ച റിപ്പോർട്ടും, പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമഭേദഗതികൾ സംബന്ധിച്ച റിപ്പോർട്ടും, മറ്റു നിയമങ്ങൾക്കുള്ള ഭേദഗതികൾ, ഉദ്യോഗസ്ഥ പുനർവിന്യാസം എന്നിവ സംബന്ധിച്ച റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളനുസരിച്ച് ഭരണപരമായ നടപടികൾക്കാവശ്യമായ സർക്കാർ ഉത്തരവുകൾ ഇതിനകം പുറപ്പെടുവിക്കുകയും പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങൾ ഭേദഗതി ചെയ്യുകയും ചെയ്തു. നിയമഭേദഗതികൾക്കനുസൃതമായി ചില കാര്യങ്ങളിൽ (ഉദാ. ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയുടെ രൂപീകരണം) തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അനുബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് കരടുബില്ലുകൾ തയ്യാറാക്കികഴിഞ്ഞു. ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും മൂന്നുമാസത്തിലൊരിക്കൽ, ഭരണപരമായ നടപടികൾ, കണക്കുകൾ, പണമിടപാടുകൾ, ആഫീസ് പ്രവർത്തനം, മരാമത്തുപണികൾ എന്നിവ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനും അവ ആവർത്തിക്കാതിരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് പെർഫോമൻസ് ആഡിറ്റ് സമ്പ്രദായം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പെർഫോമൻസ് ഓഡിറ്റ് ഫലപ്രദമായി നടപ്പാക്കുന്നതിന് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് അവശ്യം വേണ്ട പെർഫോമൻസ് ആഡിറ്റ് ടീമും നിലവിൽ വരുകയും ഈ ടീമുകൾ എല്ലാം പ്രവർത്തനം തുടങ്ങുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ, പഞ്ചായത്തുവകുപ്പിലെ തന്നെ ഉദ്യോഗസ്ഥൻമാർ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിൽ അപാകതയുള്ളതായി തോന്നുന്നില്ല. പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ചട്ടങ്ങളിൽ വിഭാവന ചെയ്തിട്ടുള്ള വിധം ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ പദവിയിലുള്ള ഒരു ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട് സർവ്വീസ് ഓഫീസറെ നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly